# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2623** 19.7.2011-**ൽ മറുപടിക്ക്**

**റോഡപകടങ്ങളിൽപ്പെട്ടവർക്ക് യഥാസമയം രക്ഷാപ്രവർത്തനങ്ങളും ചികിത്സയും ലഭ്യമാക്കാൻ പരിശീലനം**

**ചോദ്യം**

**ശ്രീ.മുല്ലക്കര രത്നാകരൻ:**

(എ) **അനിയന്ത്രിതമായുണ്ടാകുന്ന റോഡപകടങ്ങളിൽപ്പെട്ടവർക്ക് യഥാസമയം രക്ഷാപ്രവർത്തനങ്ങളും ചികിത്സയും** ലഭിക്കാത്തതുമൂലം നിരവധിപേരുടെ ജീവൻ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) **ഇത്തരം സംഭവങ്ങളുണ്ടായാൽ ഉടൻ അപകട സ്ഥലത്തെത്തി ഫസ്റ്റ് എയിഡ്** അടക്കമുള്ള **രക്ഷാപ്രവർത്തനവും** ചികിത്സാ കേന്ദ്രങ്ങളിൽ എത്തിക്കുന്ന തിനും വേണ്ടി പ്രത്യേക പരിശീലനം **നൽകിയ ഒരു ടീമിനെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സജ്ജമാക്കുന്ന** തിനുള്ള **നടപടി സ്വീകരിക്കുമോ?**

**മറുപടി**

**ശ്രീ.ഉമ്മൻ ചാണ്ടി**

**(മുഖ്യമന്ത്രി)**

(എ) **യും** (ബി) **യും** റോഡപകടങ്ങളെക്കുറിച്ചുള്ള വിവരം **ശ്രദ്ധയിൽപ്പെട്ടാൽ** പരമാവധി വേഗ **ത്തിൽ ആശുപത്രിയിൽ എത്തിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു** വരുന്നുണ്ട്. അപകടങ്ങളിൽപ്പെടുന്ന വർക്ക് ഹൈവേ പോലീസ് വഴിയും, **ഫ്ളൈയിംഗ് സ്ക്വാഡ് വഴിയും മറ്റും യഥാസമയം രക്ഷാപ്രവർത്തനം നടത്തു ന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കു** ന്ന 44 ഹൈവേ പട്രോൾ ഗ്രൂപ്പുകൾക്ക്, റോഡ് അപകടങ്ങൾ സംഭവിക്കുമ്പോൾ കൈക്കൊള്ളേണ്ട നടപടികളെക്കുറി ച്ചുള്ള പരിശീലനം നൽകിവരുന്നു. **'108' ആംബുലൻസിന്റെ സേവനം ലഭ്യമാക്കുന്നതിന് 24 മണിക്കൂറും** പ്രവർത്തിക്കുന്ന പോലീസ് ഹെൽപ്പ് ലൈൻ സംവിധാനം സംസ്ഥാന തല **ത്തിൽ സജ്ജമാക്കിയിട്ടുണ്ട്. ആക്സിഡന്റ് പ്രോൺ ഏരിയായിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം** നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ

ү